(ബി) ശ്രീകണ്ഠപുരത്തുള്ള കൂട്ടുമുഖം പി. എച്ച്. സി. യിൽ ഡോക്ടർമാരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. ഇരിക്കൂർ, ഊരത്തൂർ, ഉളിക്കൽ, ചന്ദനക്കാംപാറ, വയറ്റിട്ടം, എരുവേശ്ശി,കുടിയാൻമല, നടുവിൽ, ഉദയഗിരി, ആലക്കോട് (മണക്കടവ്), കൂട്ടുമുഖം എന്നിവിടങ്ങളിൽ പി.എസ്.സി. നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി) പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

വെച്ചൂച്ചിറ സി.എച്ച്.സി.യിലെ തസ്തികകൾ

29 (6181) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) വെച്ചൂച്ചിറ ബ്ലോക്ക് പി. എച്ച്. സി., സി. എച്ച്. സി., ആയി ഉയർത്തിയത് എന്നാണ് ;

(ബി) സി. എച്ചി. സി. ആയശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആശുപത്രിയിൽ നടപ്പിലാക്കിയത് ;

(സി) നേരത്തെ കിടത്തി ചികിത്സ ഉണ്ടായിരുന്ന ആശുപത്രിയിൽ ഐ. പി. നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ ;

(ഡി) സി. എച്ച്. സി. യിൽ എത്ര തസ്തികകളാണ് ഉണ്ടാകേണ്ടത് ;

(ഇ) വെച്ചൂച്ചിറ സി. എച്ച്. സി. യിൽ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(എഫ്) സി. എച്ച്. സി. യുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്ന ഡോക്ടർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) ഐ. പി. പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-11-2008-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് വെച്ചൂച്ചിറ ബ്ലോക്ക് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തിയത്.

(ബി) പദവി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം എൻ.ആർ.എച്ച്.എം.-ന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(സി) പകർച്ചപ്പനി കാലയളവിൽ താൽക്കാലിക സംവിധാനം എന്ന നിലയ്ക്കു മാത്രമാണ് ഇവിടെ ഐ.പി. നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സി.എച്ച്.സി.യിലും വ്യത്യസ്ത എണ്ണം സ്റ്റാഫാണ് നിലവിലുള്ളത്.

(ഇ) വെച്ചൂച്ചിറ സി.എച്ച്.സി.യിൽ 3 ഡോക്ടർമാരും 4 സ്റ്റാഫ് നഴ്സും ഉൾപ്പെടെ 43 തസ്തികകൾ നിലവിലുണ്ട്.

(എഫ്) പട്ടിക ഉയർത്തപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ജി) ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ തടസ്സങ്ങൾ

30 (6182) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെ പ്രായപൂർത്തി കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ചികിത്സ നൽകി എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) "താരോപഹാരം" പദ്ധതി പ്രകാരം 2010 മേയ് 31 വരെ സംസ്ഥാനത്ത് 428 പേർക്ക് സൗജന്യ ചികിത്സാ സഹായം ലഭിച്ചു. ഇതിനുവേണ്ടി 30.19 ലക്ഷം രൂപ ചെലവഴിച്ചു.

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

31 (6183) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ എം. എൽ. എ. യുടെ ശുപാർശ പ്രകാരം 2006-2010 കാലയളവിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും ആകെ എത്ര രൂപയാണെന്നും വർഷം തിരിച്ചു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly